'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ബഹു. കൊല്ലം എം.എ.സി.റ്റി മുമ്പാകെയുള്ള ഒ.പി (എം.വി) 763/2015 നമ്പർ വ്യവഹാരത്തിൻ മേൽ ഇൻഷ്വറൻസ് വകുപ്പ് ഫയൽ ചെയ്ത എം.എ.സി.എ 1785/2021 നമ്പർ അപ്പീൽ വ്യവഹാരത്തിന്റെ വിധി തുക കെട്ടിവെയ്ക്കുന്നതിനുള്ള സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ)നം.3183/2025/ധന** **തീയതി, തിരുവനന്തപുരം, 26-03-2025**

പരാമർശം :- 1) 13/08/2018 തീയതിയിലെ ബഹുമാനപ്പെട്ട കൊല്ലം എം.എ.സി.റ്റി യുടെ ഒ.പി (എം.വി) 763/2015 നമ്പർ വ്യവഹാരത്തിന്മേലുള്ള വിധി ഉത്തരവ്

2) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ എം.എ.സി.എ 1785/2021 നമ്പർ വ്യവഹാരത്തിന്റെ 07/11/2024 -ലെ വിധി.

3) സ.ഉ.(സാധാ)നം.8753/2022/ധന തീയതി 24/12/2022.

4) 31/01/2025 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ കെ.എസ്.ഐ.ഡി/ സ്യൂട്ട്/എസ്1/എം.എ.സി.എ /1785/2021 നമ്പർ കത്ത്

**ഉത്തരവ്**

ഇൻഷ്വറൻസ് വകുപ്പിൽ പരിരക്ഷയുണ്ടായിരുന്ന KL 01-AB -6958 രജിസ്റ്റർ നമ്പർ ഉള്ള വാഹനം 02/03/2014-ൽ അപകടത്തിൽപ്പെടുകയും ശ്രീമതി. ഗീതാകുമാരി. എ എന്നയാൾ മരണപ്പെടുകയുണ്ടായി. ടിയാളുടെ അനന്തരാവകാശികൾ ഇൻഷ്വറൻസ് വകുപ്പിനെ മൂന്നാം എതിർകക്ഷിയാക്കി കൊല്ലം എം.എ.സി.റ്റി.-യിൽ ഫയൽ ചെയ്ത ഒ.പി. (എം.വി) 763/2015 -ലെ പരാമർശം (1) വിധി പ്രകാരം 29,38,114/-രൂപ പെറ്റീഷൻ തീയതി മുതൽ 8% പലിശയോടുകൂടി കെട്ടി വയ്ക്കാൻ ഉത്തരവായിരുന്നു. പ്രസ്തുത വിധിക്കെതിരെ ഇൻഷ്വറൻസ് വകുപ്പ് ഫയൽ ചെയ്തിരുന്ന എം.എ.സി.എ 1785/2021 അപ്പീലിന്മേലുള്ള കേരള ഹൈക്കോടതിയുടെ പരാമർശം (2) ഇടക്കാല വിധി പ്രകാരം പരാമർശം (1) പ്രകാരമുള്ള വിധി തുകയുടെ 50% ആയ 14,69,057/- രൂപ (പതിനാല് ലക്ഷത്തി അറുപത്തൊൻപതിനായിരത്തി അൻപത്തേഴ് രൂപ മാത്രം), 8% ആനുപാതിക പലിശയും ചെലവും സഹിതം അനുവദിക്കുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക കെട്ടിവയ്ക്കുന്നതിന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ബഹു. എം.എ.സി.എ 1785/2021 നമ്പർ അപ്പീൽ വ്യവഹാരത്തിന്റെ 07/11/2024 ലെ ഉത്തരവ് പ്രകാരം വിധി തുക 26,04,967/- രൂപയായി കുറച്ച് 8% പലിശനിരക്കിൽ പെറ്റീഷൻ തീയതി മുതൽ ഹർജിക്കാർക്ക് നൽകുവാൻ ഉത്തരവായിരുന്നു. ഇടക്കാലവിധി പ്രകാരം വകുപ്പ് നൽകിയ തുകയും പലിശയും പ്രീ-റിക്വസിറ്റ് തുകയായ 25,000/- രൂപയും കിഴിച്ചുള്ള തുകയായ 11,35,911/-രൂപയും (പതിനൊന്ന് ലക്ഷത്തി മുപ്പത്തയ്യായിരത്തി തൊള്ളായിരത്തി പതിനൊന്ന് രൂപ മാത്രം)ആനുപാതിക പലിശയും കെട്ടിവയ്ക്കുന്നതിനുള്ള സർക്കാർ അനുമതി നൽകണമെന്ന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ പരാമർശം 4 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള ഹൈക്കോടതി പരാമർശം 2 പ്രകാരം അനുവദിച്ച തുകയിൽ നിന്നും പരാമർശം 3 സർക്കാർ ഉത്തരവ് പ്രകാരം കെട്ടിവച്ച തുക കിഴിച്ച് ശേഷിക്കുന്ന തുകയായ 11,35,911/-രൂപയും (പതിനൊന്ന് ലക്ഷത്തി മുപ്പത്തയ്യായിരത്തി തൊള്ളായിരത്തി പതിനൊന്ന് രൂപ മാത്രം) 8% പലിശയുമടക്കം പരാതിക്കാരിക്ക് കെട്ടിവയ്ക്കുന്നതിനുള്ള അനുമതി ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പലിശ തുകയുടെ കൃത്യത ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

പ്രസ്തുത ചെലവ് "8011-ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട്-105-സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട്-98(01) ആക്സിഡന്റ് ഇൻഷ്വറൻസ് ഫണ്ട്" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**എൽസി ജോർജ്ജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ )കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഇ : 2284881/എസ്റ്റാ.ഡി3/80/2022/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ